പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2137 07.12.2015-ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 2013-14 ബഡ്ജറ്റിൽ കായികവകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാം ; | (എ) | 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ കായികവകുപ്പുമായി ബന്ധപ്പെട്ട മൾട്ടി പർപ്പസ് സിന്തറ്റിക് സ്റ്റേഡിയങ്ങളുടെ നിർമ്മാണം കായികവികസനനിധി രൂപീകരണം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്, ചങ്ങനാശ്ശേരിയിലെ സ്പോർട്സ് കോംപ്ലക്സ് എന്നിവ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി 2013-14-ൽ വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കാമോ ; | (ബി) | കായിക വികസന നിധിക്കായി 50 ലക്ഷം രൂപയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിനായി 20 ലക്ഷം രൂപയും ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സ് -ന് 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയതിൽ കായികവികസന നിധിക്കായി അനുവദിച്ച 50 ലക്ഷം രൂപ പിൻവലിച്ചു. |
| (സി) | തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തപ്പെട്ടിരുന്നോ ; എങ്കിൽ എത്ര വീതം ; അനുവദിക്കപ്പെട്ട തുക എത്ര വീതം ; പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന തുക എത്ര വീതം ; വ്യക്തമാക്കാമോ ? | (സി) | തുടർന്നുള്ള ബഡ്ജറ്റുകളിൽ കായികവികസന നിധി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്നിവയ്ക്ക് തുക വകയിരുത്തിയിരുന്നു. |

**കായികവികസനനിധി**

2014-15 - അനുവദിച്ച തുക : 40 ലക്ഷം തുക പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

2015-16 - അനുവദിച്ച തുക : 40 ലക്ഷം, തുക ചെലവഴിച്ചില്ല

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്**

2014-15 - അനുവദിച്ച തുക : 20 ലക്ഷം, ചെലവഴിച്ച തുക: 20 ലക്ഷം

2015-16 - അനുവദിച്ച തുക : 20 ലക്ഷം, ചെലവഴിച്ച തുക : 15 ലക്ഷം

സെക്ഷൻ ഓഫീസർ